ഉത്തരം

(എ) പ്രസ്തുത പാലത്തിൽകൂടി വാഹനങ്ങൾ കടന്നുപോകുന്നതിന് തടസ്സം ഇല്ല.

(ബി) ബാധകമല്ല.

(സി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിന്റെ താഴ്ന്നുപോയ ഭാഗങ്ങൾ നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇല്ല.

(ഇ) പ്രസ്തുത പാലത്തിന്റെ കരാറുകാരൻ ചില അനുബന്ധ ജോലികളുടെ സപ്ലിമെന്റൽ എഗ്രിമെന്റ് വയ്ക്കാത്തതാണ് കാരണം.

(എഫ്) അപ്രോച്ച് റോഡിന്റെ കേടുപാടുകൾ എത്രയും വേഗം തീർത്ത് ഗതാഗതം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂത്താട്ടുകുളം ടൗണിലുള്ള പാലത്തിന്റെ പണി

92 (3733) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ കൂത്താട്ടുകുളം ടൗണിലുള്ള പാലത്തിന്റെ പണി എന്ന് ആരംഭിച്ചുവെന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ പണി എന്ന് പൂർത്തിയാക്കും ;

(സി) പാലം എന്നുമുതൽ ഗതാഗതത്തിന് തുറന്ന് കൊടുക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3-1-2000-ൽ ആരംഭിച്ചു

(ബി) 10-4-2000-ൽ പൂർത്തിയാവുമെന്ന് കരുതുന്നു.

(സി) പണി പൂർത്തിയാക്കുന്ന മുറയ്ക്ക് തുറന്നു കൊടുക്കുന്നതാണ്.

ഭവന നിർമ്മാണ രംഗത്തെ പുതിയ പദ്ധതികൾ

93 (3734) ശ്രീ. എ. കണാരൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. എം. പി. വർഗീസ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഭവന നിർമ്മാണ രംഗത്ത് സർക്കാർ എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ;

(ബി) ഭൂരഹിതരും ഭവനരഹിതരുമായ സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും താമസസൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) ഭവന നിർമ്മാണത്തിന് വിഭവസമാഹരണം നടത്തുന്നതിന് പ്രത്യേക ഫണ്ട് രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് എത്ര വീടുകളുടെ നിർമ്മാണം പൂർത്തികരിച്ചു ;

(ജി) 2000-2001-ൽ വിവിധ ഭവന നിർമ്മാണ പദ്ധതികളനുസരിച്ച് എത്ര വീടുകൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ദുർബല വിഭാഗക്കാർക്കുവേണ്ടി നടപ്പിലാക്കുന്ന മൈത്രി പദ്ധതി, ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കിവരുന്ന ഭവന പദ്ധതികൾ, പട്ടികജാതി/പട്ടികവർഗ്ഗവകുപ്പ് നടപ്പിലാക്കുന്ന സുവർണ്ണജൂബിലി പാർപ്പിട പദ്ധതി, ഹൗസ് ഫെഡ്, സഹകരണ വകുപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വിവിധ വികസന അതോറിറ്റികൾ, ഗ്രാമവികസന കമ്മീഷണറേറ്റ്, സൈനിക ക്ഷേമ ഡയറക്ടറേറ്റ്, മത്സ്യഫെഡ് എന്നിവ നടപ്പാക്കുന്ന ഭവന നിർമ്മാണ വായ്പാ/ഗ്രാന്റ് പദ്ധതികൾ, ഭവന നിർമ്മാണ ബോർഡ് വിവിധ വരുമാന പരിധിയിൽപെടുന്നവർക്കായി നടപ്പാക്കുന്ന വായ്പാ പദ്ധതികൾ, പി. ഡബ്ലിയു. ഡി., പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കുടുംബശ്രീ എന്നീ ഏജൻസികൾ നടത്തുന്ന പദ്ധതികൾ എന്നിവയാണ് ഭവന നിർമ്മാണ രംഗത്തെ പുതിയ പദ്ധതികൾ.

(ബി&സി) പഞ്ചായത്തുകൾക്കും ഭവന നിർമ്മാണ ബോർഡിനും ഇക്കാര്യത്തിൽ പദ്ധതികളുണ്ട്. പഞ്ചായത്തുകൾ പ്ലാൻ വിഹിതത്തിൽനിന്നും ഇതിനായി ഫണ്ട് കണ്ടെത്തുന്നു. ഭവന നിർമ്മാണ ബോർഡിന്റെ 12,500 രൂപ നിക്ഷേപമായി സ്വീകരിച്ചുകൊണ്ടുള്ള one time deposit scheme ഈ ഉദ്ദേശം മുൻനിർത്തിയുള്ളതാണ്.

(ഡി&ഇ) 2000- 2001-ലെ ബജറ്റിൽ മൈത്രി പദ്ധതിക്കുള്ള സബ്സിഡി ഇനത്തിൽ 30 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കൂടാതെ ഭവന നിർമ്മാണത്തിനു പ്രത്യേക വിഭവസമാഹരണം നടത്തുന്നതിന് ഫണ്ട് രൂപീകരിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ബംബർ ലോട്ടറി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ പദ്ധതികളനുസരിച്ച് 542424 വീടുകൾ നിർമ്മിച്ചിട്ടുണ്ട്.

(ജി) 2000-2001-ൽ വിവിധ ഭവന നിർമ്മാണ പദ്ധതികളനുസരിച്ച് 2.50 ലക്ഷം വീടുകൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

നിയമസഭാംഗങ്ങളുടെ ഭവന നിർമ്മാണ പദ്ധതി

94 (3735) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമസഭാംഗങ്ങൾക്കായുള്ള ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് വായ്പ എടുത്തിട്ടുള്ളവർ എത്ര പേരുണ്ട് ;

(ബി) വായ്പ പൂർണ്ണമായി അടച്ചു തീർത്തവർക്കെല്ലാം അവരുടെ വസ്തുവിന്റെ പ്രമാണം തിരികെ നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ ആർക്കെല്ലാമാണ് പ്രമാണം തിരികെ നൽകിയത് ;

(ഡി) ഇനി ആർക്കെല്ലാം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 100 പേർ വായ്പ എടുത്തിട്ടുണ്ട്.

(ബി) വായ്പ പൂർണ്ണമായി അടച്ചു തീർത്ത് രണ്ടു പേർ ഒഴികെ എല്ലാ പേർക്കും വസ്തുവിന്റെ പ്രമാണം തിരികെ നൽകിയിട്ടുണ്ട്.

(സി) താഴെ പറയുന്നവർക്ക് വസ്തുവിന്റെ പ്രമാണം തിരികെ നൽകിയിട്ടുണ്ട്.

1. ശ്രീ. കെ. എം. മാണി
2. ശ്രീ. പി. പി. തങ്കച്ചൻ
3. ശ്രീ. കെ. മുഹമ്മദാലി
4. ഡോ. എം. എ. കുട്ടപ്പൻ
5. ശ്രീ. കെ. വി. തോമസ്
6. ശ്രീമതി ത്രേസ്യക്കുട്ടി മാത്യു (ഡബ്ല്യു/ഒ. തോമസ്, കല്ലംപ്പള്ളി)
7. ശ്രീ. പി. പി. ജോർജ്
8. ശ്രീ. പി.കെ. കെ. ബാവ
9. ശ്രീ. എം. എം. ഹസ്സൻ
10. ശ്രീ. ടി. എം. ജേക്കബ്
11. ശ്രീ. വി. ദിനകരൻ

LIBRARY ARCHIVES Kerala Legislative Assembly